**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 648** **05-10-2021 - ൽ മറുപടിയ്ക്ക്**

**ഉടുപ്പി-കാസർഗോഡ് ട്രാൻസ്മിഷൻ ലിമിറ്റഡ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി എച്ച് കുഞ്ഞമ്പു | | Shri. K. Krishnankutty<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | ഉത്തര മലബാറിലെ വൈദ്യുതി തടസ്സങ്ങൾ പരിഹരിക്കാൻ കേന്ദ്ര പവർ വകുപ്പ് ഉടുപ്പി-കാസർഗോഡ് ട്രാൻസ്മിഷൻ ലിമിറ്റഡിന് അനുമതി നൽകിയിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ അടങ്കൽ തുക എത്രയാണെന്നും ഇതുകൊണ്ടുള്ള പ്രയോജനം ഏത് തരത്തിലാണ് യാഥാർത്ഥ്യമാകുന്നതെന്നും വിശദമാക്കാമോ; | (ബി) | അടങ്കൽ തുക സംബന്ധിച്ച വിവരം ലഭ്യമല്ല. നിലവിൽ കണ്ണൂർ, കാസർഗോഡ് ജില്ലകളിലേയ്ക്ക് വൈദ്യുതി എത്തുന്നത് അരീക്കോട് 400 കെ.വി. സബ്സ്റ്റേഷനിൽ നിന്നുള്ള 220 കെ.വി. ലൈൻ വഴിയാണ്. ഈ ലൈനിൽ എന്തെങ്കിലും തകരാർ സംഭവിച്ചാൽ കണ്ണൂർ, കാസർഗോഡ് ജില്ലകൾ ഇരുട്ടിലാവും. ഇതിനൊരു ശാശ്വത പരിഹാരമാണ് ഈ പദ്ധതി. കൂടാതെ ഉത്തര കേരളത്തിൽ ഒരു പവർ ഹൈവേയും ഈ പദ്ധതി പൂർത്തീകരിക്കുന്നതോടെ ലഭ്യമാകും. |
| (സി) | പ്രൊജക്റ്റിന്റെ നിലവിലെ നിർമ്മാണ പുരോഗതി വിശദമാക്കാമോ; | (സി) | സ്റ്റെർലൈറ്റ് പവർ ട്രാൻസ്മിഷൻ ലിമിറ്റഡ് എന്ന കമ്പനി മുഖ്യപങ്കാളിയായ ഉടുപ്പി-കാസർഗോഡ് ട്രാൻസ്മിഷൻ ലിമിറ്റഡ് (UKTL) ആണ് പദ്ധതിയുടെ നിർമ്മാണം നടത്തുന്നത്. സബ്സ്റ്റേഷനാവശ്യമായ സ്ഥലം ലഭ്യമാക്കുന്ന തിനുള്ള നടപടി കമ്പനി കൈക്കൊണ്ടുവരുന്നു. ഉടുപ്പി-കാസർഗോഡ് 400 കെ.വി. ലൈനിന്റെ നിർമ്മാണത്തിന്റെ ഭാഗമായി 8 ടവറുകൾ നിർമ്മിച്ചു കഴിഞ്ഞിട്ടുണ്ട്. കാസർഗോഡ് ജില്ലയിൽ വരുന്ന ഭാഗത്തെ ലൈനിന്റെ ടവർ ഫൗണ്ടേഷനുകളും പൂർത്തിയായിട്ടുണ്ട്. |
| (ഡി) | പദ്ധതിയുടെ ഭാഗമായി എവിടെയെല്ലാം പുതിയ സബ്സ്റ്റേഷനുകൾ സ്ഥാപിക്കും; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ഡി) | പദ്ധതിയുടെ ഭാഗമായി കാസർഗോഡ് ജില്ലയിലെ കരിന്തളത്ത് പുതിയ 400 കെ.വി. സബ്സ്റ്റേഷനും കർണ്ണാടകയിലെ UPCL (ഉടുപ്പി പവർ കോർപ്പറേഷൻ ലിമിറ്റഡ്) രണ്ട് 400 കെ.വി. ബേ-യും നിർമ്മിയ്ക്കും. |

സെക്ഷൻ ഓഫീസർ